**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1167** **12-06-2024 - ൽ മറുപടിയ്ക്ക്**

**വിദേശ വിദ്യാഭ്യാസ ആനുകൂല്യം തടഞ്ഞുവയ്ക്കുന്നതായുള്ള പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്കുള്ള വിദേശ വിദ്യാഭ്യാസ ആനുകൂല്യം തടഞ്ഞുവയ്ക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിയ്ക്കുന്നത് സംബന്ധിച്ച് ജി.ഒ.(എം.എസ്) നം. 47/2014/മ.തു.വ. പ്രകാരം പുറപ്പെടുവിച്ച നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തമായ പരാമർശമില്ല. ആയതിനാൽ ടി ഉത്തരവിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ച് വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ, വരുമാന പരിധി അടിസ്ഥാനമാക്കി മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്ക് കൂടി അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | അവർക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ട മത്സ്യത്തൊഴിലാളികളുടെ മകൾ എന്ന സർട്ടിഫിക്കറ്റ് മത്സ്യത്തൊഴിലാളി ക്ഷേമനിധി, പ്രാദേശിക മത്സ്യ ഭവൻ ഓഫീസുകൾ നിരസിക്കുന്നുവെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ച് വരുന്നു. |
| (സി) | മത്സ്യത്തൊഴിലാളിയുടെ മകൻ/മകൾ എന്ന സർട്ടിഫിക്കറ്റ് നൽകുന്നതിനായി സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മാർഗ്ഗരേഖ പ്രകാരമാണ് മത്സ്യത്തൊഴിലാളിയുടെ മകൻ/മകൾ എന്ന സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. സാക്ഷ്യപത്രത്തിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത ഓഫീസുകൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സർട്ടിഫിക്കറ്റുകൾ നിഷേധിക്കുന്നത് ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മാർഗ്ഗരേഖ പ്രകാരമാണ് മത്സ്യത്തൊഴിലാളിയുടെ മകൻ/മകൾ എന്ന സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. സാക്ഷ്യപത്രത്തിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | പ്രശ്നപരിഹാരത്തിനായി വ്യക്തവും വിശദവുമായ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

9697/2024/N DFTVM

430/85/2021. 1500×100. G.P.S.

# കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ-2

മത്സ്യബോർഡ്

No.: MBB 026117

| ഫിഷറീസ് ഓഫീസ് : | സർട്ടിഫിക്കറ്റ് നമ്പർ : |
| --- | --- |

## സാക്ഷ്യപത്രം

.................................................. ജില്ലയിലെ .................................................. താലൂക്കിലെ .................................................. വില്ലേജിൽപ്പെട്ട ..................................................-ൽ താമസം ശ്രീ./ശ്രീമതി .................................................. / .................................................. മത്സ്യഗ്രാമത്തിലെ മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി പട്ടികയിൽ ..................................................-ാം നമ്പറായി പേര് രജിസ്റ്റർ ചെയ്യപ്പെട്ടയാളാണെന്നും/പേര് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നയാളുടെ വിധവയാണെന്നും ടിയാൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതം കുടിശ്ശികയാകാതെ അടച്ചിട്ടുള്ളതാണെന്നും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് .................................................. കോഡ് നമ്പർ പ്രകാരം വാർദ്ധക്യകാല പെൻഷൻ ലഭിച്ചുവരുന്നയാളാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഈ സർട്ടിഫിക്കറ്റ് .................................................. ..................................................ആവശ്യത്തിനായി നൽകുന്നതാണ്.

ശ്രീ./ശ്രീമതി.................................................. യുടെ .................................................. സ്കൂളിൽ/കോളേജിൽ .................................................. പഠിക്കുന്ന മകന്/മകൾക്ക് .................................................. ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിലേക്കാണ് ഈ സാക്ഷ്യപത്രം നൽകുന്നത്.

ഒപ്പ്:

പേര്:

ഉദ്യോഗപ്പേര്:

സ്ഥലം :

തീയതി :

(ഓഫീസ് മുദ്ര)

കുറിപ്പ് : ബാധകമല്ലാത്തത് വെട്ടിക്കളയുക.



Generated from eOffice by SHILPA K, N2 DFTVM, N2 DFTVM, DOF on 10/06/2024 05:13 PM